ശ്രീ. തോപ്പിൽ രവി :

,, കെ. കെ. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധി പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ബി) എങ്കിൽ അതിനുള്ള നടപടി എന്നത്തേക്കു പൂർത്തീകരിക്കും ;

(സി) അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി ആവിഷ്കരിച്ചു നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ ;

(ഇ) എന്നുമുതൽ ഈ പദ്ധതി നടപ്പിൽ വരും ?

ഉത്തരം

(എ) അലക്ക്, തയ്യൽ, ബാർബർ, മരപ്പണി, മരംകയറ്റം, ഇരുമ്പുപണി, സ്വർണ്ണപ്പണി മറ്റു വിദഗ്ദ്ധ തൊഴിലുകൾ ചെയ്യുന്നവർ എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമപദ്ധതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കർഷക തൊഴിലാളികൾക്കും ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) അലക്ക്, തയ്യൽ, ബാർബർ, മരപ്പണി, മരംകയറ്റം, ഇരുമ്പുപണി, സ്വർണ്ണപ്പണി മറ്റു വിദഗ്ദ്ധ തൊഴിലുകൾ ചെയ്യുന്നവർ എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി 1-11-1986 മുതൽ നടപ്പിൽ വരും. കർഷകത്തൊഴിലാളി ക്ഷേമനിധി എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്.

(സി, ഡി, ഇ) ചോദ്യം (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. ക്ക് അനുവദിച്ച സാമ്പത്തിക സഹായം

770. [169] ശ്രീ. നാലകത്ത് സൂപ്പി :

,, പി. എം. അബുബക്കർ :

,, കെ. പി. രാമൻ :

,, എ. വി. അബ്ദുൽ റഹിമാൻ ഹാജി :

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. ക്ക് ഗവൺമെന്റ് എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചു ;

(ബി) ഏതെല്ലാം ഇനങ്ങളിലാണ് സഹായം അനുവദിച്ചത് ;

(സി) അനുവദിച്ച സംഖ്യ കോർപ്പറേഷൻ ഏതെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചത് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ. എസ്. ആർ. ടി. സി. ക്ക് 33.44 കോടി രൂപയുടെ സഹായം അനുവദിച്ചു.

(ബി) സർക്കാർ മൂലധന നിക്ഷേപമായി 1344 ലക്ഷം രൂപയും കടമായി 2000 (രണ്ടായിരം) ലക്ഷം രൂപയും അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മൂലധനനിക്ഷേപം കോർപ്പറേഷൻ പദ്ധതികൾക്കും ബസ് വാങ്ങാൻ, കെട്ടിടനിർമ്മാണം, സ്ഥലമെടുപ്പ് എന്നിവയ്ക്കുമായി ചെലവാക്കുന്നു. ഗവൺമെൻറ് ലോൺ, പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കുന്നത്. കോർപ്പറേഷൻറെ നടത്തിപ്പിനാവശ്യമായ ചെലവുകളും അതിലുൾപ്പെടും.

കെ. എസ്., ആർ. ടി. സി. : ബസ്സുകളിൽ വിദ്യാർത്ഥികൾക്കുള്ള യാത്ര നിരക്ക്

771. [170] ശ്രീ. ആർ: എസ്. ഉണ്ണി :
,, എ. വി. താമരാക്ഷൻ :
,, എ. സി. ഷൺമുഖദാസ് :
,, വി. സി. കബീർ :
,, കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്കുള്ള യാത്രാനിരക്ക് സാധാരണ നിരക്കിൻറെ എത്ര ശതമാനമാണ് ;

(ബി) വിദ്യാർത്ഥികൾക്ക് യാത്രാനിരക്ക് അവസാനമായി വർദ്ധിപ്പിച്ചതെന്നാണ് ;

(സി) വിദ്യാർത്ഥികളിൽ നിന്നും കൺസഷൻ ടിക്കറിനത്തിൽ 1985-86-ൽ കിട്ടിയ വരുമാനമെത്ര ?

ഉത്തരം

(എ) റെഗുലർ വിദ്യാർത്ഥികളുടെ യാത്രാനിരക്ക് സാധാരണ നിരക്കിൻറെ 19.44 ശതമാനമണ്. എന്നാൽ പ്രൈവറ്റ് വിദ്യാർത്ഥികളുടേത് സാധാരണ നിരക്കിൻറെ 50 ശതമാനമാണ്.

(ബി) റെഗുലർ വിദ്യാർത്ഥികളുടെ നിരക്ക് അവസാനമായി വർദ്ധിപ്പിച്ചത് 1-6-1976-ൽ ആണ്.

(സി) 85.29 ലക്ഷം രൂപ.

കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികൾ

772. [171] ശ്രീ. മണിമംഗലത്തു കുട്ട്യാലി :
,, സ്റ്റീഫൻ പാദുവ :
,, പി. പി. തങ്കച്ചൻ :
,, ജി. കാർത്തികേയൻ :
,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ലാഭകരമാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) ഈ നടപടിമൂലം ഉണ്ടായ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ലാഭകരമാക്കാനും പല പദ്ധതികളും നടപ്പിലാക്കി വരുന്നു. പഴക്കം ചെന്ന ബസ്സുകൾ പിൻവലിച്ച് പകരം പുതിയ ബസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly